പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 2324

23.01.2014-ൽ മറുപടിയ്ക്ക്

## ഖാദി ഗ്രാമ വ്യവസായ ബോർഡ് നൽകിയ വായ്പകൾക്ക് പലിശയിളവ്

**ചോദ്യം**

**ശ്രീമതി.കെ.കെ.ലതിക**

(എ) ഖാദി ഗ്രാമ വ്യവസായ ബോർഡ് നൽകിയ വായ്പയിൽ കാലപ്പഴക്കം ചെന്ന വായ്പകൾ തിരിച്ചടയ്ക്കുന്നതിന് വായ്പയെടുത്തവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) രോഗബാധിതരായി വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെവന്ന വായ്പക്കാർ മുഴുവൻ വായ്പത്തുകയും തിരിച്ചടയ്ക്കാൻ തയ്യാറായാൽ പലിശയിലും പിഴപ്പലിശയിലും ഇളവുകൾ അനുവദിക്കുമോ?

**ഉത്തരം**

**ശ്രീ. സി.എൻ ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി**

(എ) & (ബി) കാലാകാലങ്ങളിൽ ബോർഡ് തീരുമാനമനുസരിച്ച് 'ഒറ്റത്തവണ തീർപ്പാക്കൽ" പദ്ധതിയിൻ കീഴിൽ ഒരുമിച്ച് തുക അടയ്ക്കാൻ തയ്യാറാകുന്നവർക്ക് ബോർഡ് തീരുമാനിക്കുന്ന കാലയളവിൽ പിഴപ്പലിശ മുഴുവനായി ഇളവ് ചെയ്തു കൊടുക്കാറുണ്ട്. ഈ വർഷവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31/3/2014 വരെ നിലവിലുണ്ട്.

(സി) ഇപ്രകാരം ആനുകൂല്യങ്ങൾ നൽകുന്നതിന് വ്യവസ്ഥയില്ല. ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥയനുസരിച്ച് പ്രഖ്യാപിത കാലയളവുവരെ അടച്ചു തീർക്കുന്നവർക്ക് പിഴപ്പലിശ ഒഴിവാക്കിക്കൊടുക്കുന്നതാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ